(ഡി) JBIC പദ്ധതികളിൽ 3 എണ്ണം 2007 ഫെബ്രുവരി മാസത്തോടെയും 2 എണ്ണം 2007 ആഗസ്റ്റ് മാസത്തോടെയും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നു. 5 പദ്ധതികളും 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ സർവ്വേകളും ഡിസൈനുകളും തയ്യാറാക്കേണ്ടി വന്നതാണ് കാലതാമസത്തിനുകാരണം.

LIC പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് 3 മുതൽ 5 വർഷത്തിനുള്ളിൽ കമ്മിഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരുന്നു. ഇവ 2005-2006 മുതൽ 2007-2008 വരെയുള്ള കാലയളവിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി കമ്മിഷൻ ചെയ്യുന്നതിന് പദ്ധതിയുടെ വലിപ്പമനുസരിച്ച് 3 മുതൽ 5 വർഷം വരെ വേണ്ടിവരും.

ജലനിധി പദ്ധതികൾ 2001 മുതൽ 2006 ഡിസംബർ വരെയുള്ള കാലയളവിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) JBIC പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

LIC പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകേണ്ട മാച്ചിംഗ് അസിസ്റ്റൻസ് യഥാസമയം നൽകുവാൻ സാധിക്കാറില്ല.

വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാനുള്ള കാലതാമസം, മണൽക്ഷാമം, വൈദ്യുതിലൈൻ, പൈപ്പ്‌ലൈൻ, ചെക്കുഡാമുകൾ ഇവ സ്ഥാപിക്കുന്നതിനുള്ള കാലതാമസം മുതലായവയാണ് ജലനിധി പദ്ധതികളുടെ കാലതാമസത്തിനു കാരണം.

ചീക്കോട് ശുദ്ധജലവിതരണ പദ്ധതി

91 [1028] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പ്രവർത്തനം വിലയിരുത്തുവാൻ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്ന നിവേദനം ബന്ധപ്പെട്ട നിയമസഭാംഗങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) യോഗം വിളിച്ചുകൂട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ

92 [1029] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *ജോസഫ് എം. പുതുശ്ശേരി:*
" *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര ഉപഭോക്താക്കൾക്ക് ഗുണം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തുടനീളം കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ഇതേ മാതൃക അവലംബിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജപ്പാൻ ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെടുന്ന 5 പദ്ധതികളുടേയും വിവിധ സർവ്വേ ജോലികൾ, ഡിസൈനുകൾ തയ്യാറാക്കൽ, ടെണ്ടറുകൾക്കുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ മുതലായവ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കു വേണ്ടിയുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾ 2005 നവംബർ മാസത്തിൽ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഏകദേശം 41 ലക്ഷം ഉപഭോക്താക്കൾക്ക് ഗുണം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 1787.45 കോടി രൂപയാണ്. ഈ വർഷം 440 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly